# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


**സർക്കുലർ - ഏപ്രിൽ 2016**

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് മെയ് 21ന്

2016-2017 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് മെയ് 21ന് ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻ സിൽ സംബന്ധിക്കേണ്ടതാണ്. കോൺഫറൻസ് നേരത്തെ ആയതിനാൽ ഓഫീസിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുകയും ഓഫീസിൽ എത്തിക്കേണ്ട എല്ലാ രേഖകളും പറഞ്ഞിരിക്കുന്ന സമയത്തുതന്നെ എത്തിക്കുകയും ചെയ്യുമല്ലോ.

### 2. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ 10-ാം വാർഷികം

ഏപ്രിൽ 4ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 10-ാം ചരമവാർഷികദിനാചരണം. വിശ്വാസോത്സവദിനമായ 4-ാം തീയതി എല്ലാ സൺഡേസ്കൂളുകളിലും അഭിവന്ദ്യ വള്ളോപ്പിള്ളിപാതാവിനെ അനുസ്മരിച്ച് പ്രാർത്ഥിക്കുകയും മീറ്റിംഗുകൾ നടത്തേണ്ടതുമാണ്.

### 3. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 8

1 മുതൽ 9-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 8-ാം തീയതി വെള്ളിയാഴ്ച 10 മുതൽ 12 വരെയായിരിക്കും. പരീക്ഷസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്താൻ പാടില്ല. പരീക്ഷാ ചോദ്യപേപ്പറുകൾ 7-ാം തീയതി ഫൊറോനാ കേന്ദ്രങ്ങളിൽനിന്ന് എടുക്കാവുന്നതാണ്.

### 4. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

IV, VII ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഓരോ ക്ലാസ്സിൽനിന്ന് ഫൊറോനാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 16ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ടക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

### 5. വിശ്വാസോത്സവം 2016 ഏപ്രിൽ 1-5

കുട്ടികളുടെ വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 5 വരെ നടക്കുന്നു. വിശ്വാസോത്സവത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് ഏപ്രിൽ 1-ാം തീയതി രാവിലെ 10.30ന് ചെമ്പേരി ഫൊറോനാ ഇടവകയിൽ നിർവ്വഹിക്കുന്നു. ദൈവകരുണയുടെ കുടുംബവർഷാചരണമായതിനാൽ നാലുദിവസത്തെ ക്ലാസും ഒരു ദിവസം ഇടവകയിലെ ഭവനസന്ദർശനമായിട്ടാണ് വിശ്വാസോത്സവം നടത്തേണ്ടത്. അഞ്ച് മണിക്കൂർ നീണ്ടു നിൽക്കുന്ന പരിശീലന പരിപാടികളാണ് ക്രമീകരി ച്ചിരിക്കുന്നത്. സമയക്രമവും മറ്റു നിർദ്ദേശങ്ങളും എല്ലാ സൺഡേസ്കൂളു കളും പാലിക്കുമല്ലോ.

### 6. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കുട്ടികൾ ഇടവകാതല ത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 10ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 16ന് അതിരൂപതാ ഓഫീസിൽ എത്തിക്കുക. മേൽപറഞ്ഞ തീയതികൾക്കുശേഷംവരുന്നആൽബങ്ങൾ ഫൊറോന-അതിരൂപതാ തലത്തിൽ സ്വീകരിക്കുന്നതല്ല.

### 7. അവധിക്കാല വേദപാഠം ഏപ്രിൽ 27 മുതൽ മെയ് 1 വരെ

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ **ഏപ്രിൽ 27 മുതൽ മെയ് 1 വരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് നടത്തപ്പെടുന്നു.** ക്യാമ്പ് ഫീസ് 650 രൂപ. സമയം ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ മെയ് 1-ാം തീയതി ഞായ റാഴ്ച രാവിലെ 11 മണി വരെ. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധ മായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാനപുസ്തകം, പ്രോഗ്രസ്കാർഡ്, ബെഡ്ഷീറ്റ്, ടോയ്ലെറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

**NB:** XII-ാം ക്ലാസ്സുകളിലെ കുട്ടികൾ ജീവൻ ദൈവികദാനം എന്ന വിഷയത്തെ ആസ്പദമാക്കി 6 പേജുള്ള അസൈൻമെന്റ് എഴുതികൊണ്ടു വരണം.

**8. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്**

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടു ത്തിയിരിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ഏപ്രിൽ 20ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് പരമാവധി രണ്ട് അപേക്ഷകളെ സ്വീകരിക്കുകയുള്ളൂ.

**9. പരീക്ഷാഫലം**

XII-ാം ക്ലാസ് ഡിപ്ലോമപരീക്ഷാഫലവും IV, VII ക്ലാസുകളിലെ സ്കോളർഷിപ്പ്, ആസ്പക്ട് പരീക്ഷാഫലവും ഏപ്രിൽ മാസം അവസാന ത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. ഡിപ്ലോമപരീക്ഷാഫലം വെബ്സൈറ്റി ലൂടെയാണ് പ്രസിദ്ധീകരിക്കുന്നത്. അതിനാൽ കുട്ടികളുടെ വിവരങ്ങൾ വെബ്സൈറ്റിൽ ചേർത്തവർക്ക് മാത്രമേ പരീക്ഷാഫലം ലഭിക്കുകയുള്ളൂ. വെബ്സൈറ്റിൽ ചേർത്ത 12-ാം ക്ലാസിലെ കുട്ടികളുടെ പേരുവിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തേണ്ടതാണ്. ഡിപ്ലോമ സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫീസ് ഈടാക്കുന്നതായിരിക്കും.

**10. വെബ്സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലനഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ എല്ലാ അധ്യാപകരുടേയും മുഴുവൻകുട്ടികളുടേയും പേര് വിവരങ്ങൾ ഏപ്രിൽ 30നകം ചേർക്കേണ്ടതാണ്. പ്രോഗ്രസ്കാർഡിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ക്ലാസ്അധ്യാപകരെക്കൊണ്ട് പൂരിപ്പിച്ചാൽ വെബ്സൈറ്റിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കാൻ എളുപ്പമാണ്. ജനന-മാമ്മോദീസ തീയതികൾ കൃത്യമായും പേര്, വീട്ടുപേര് എന്നിവ അക്ഷരതെറ്റുകൂടാതെ യും ചേർക്കേണ്ടതാണ്.

**11. ജൂബിലി**

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടേയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടേയും പേരും വീട്ടു പേരും ഫോൺനമ്പറും ഏപ്രിൽ 20ന് മുമ്പ് ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

**12. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച പ്രത്യേക പ്രോത്സാഹന സമ്മാനം നല്കുന്നു. ബഹു. വികാരി യച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 20ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

**13. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

10 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും ഈ അധ്യയന വർഷം മുതൽ വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടു ത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 20ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**14. 10-ാംക്ലാസ് സ്കോളർഷിപ്പ് ഫലം**

2015-2016 അധ്യയനവർഷത്തിലെ X-ാം ക്ലാസിലെ സ്കോളർഷിപ്പ് ഫലം താഴെ ചേർക്കുന്നു.

| **അതിരൂപതാ റാങ്ക് ലിസ്റ്റ്** | | |
|---|---|---|
| 1. മരിയ തൊട്ടിപറമ്പിൽ | മാട്ടറ | ഒന്നാം റാങ്ക് |
| 2. മരീന ജോസഫ് വാഴേക്കളം | ചെറുപുഴ | രണ്ടാം റാങ്ക് |
| 3. ജോൺസ് കുഴിഞ്ഞാലിൽ | ചെമ്പന്തൊട്ടി | മൂന്നാം റാങ്ക് |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
| 1. മരിയ വടക്കേതകിടിയേൽ | ആലക്കോട് | ആലക്കോട് |
| 2. ജോൺസ് കുഴിഞ്ഞാലിൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. എലിസബത്ത് കണ്ടത്തിൽ | ചെമ്പേരി | ചെമ്പേരി |
| 4. മരീന ജോസഫ് വാഴേക്കളം | ചെറുപുഴ | ചെറുപുഴ |
| 5. അൽഫോൻസ കൂത്തനാടിയിൽ | കീഴ്പ്പള്ളി | എടൂർ |
| 6. ജോർജ് മ്യാലിൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| 7. ഹെലൻ കുളത്തിനാപ്രായിൽ | കുന്നോത്ത് | കുന്നോത്ത് |
| 8. മേരി തകിടിയേൽ | പെരിങ്ങാല | മേരിഗിരി |
| 9. മരിയ തൊട്ടിപറമ്പിൽ | മാട്ടറ | നെല്ലിക്കാംപൊയിൽ |
| 10. മരിയ പാലക്കുടിയിൽ | വെമ്പുവ | പൈസക്കരി |
| 11. സെബാസ്റ്റ്യൻ അയത്തിക്കൽ | മാനടുക്കം | പനത്തടി |
| 12. അന്നക്കുട്ടി പാലാക്കുഴിയിൽ | കൊളക്കാട് | പേരാവൂർ |
| 13. ഏലിയാമ്മ പൂതംപാറ | പരിയാരം | തളിപ്പറമ്പ് |
| 14. അൽഫോൻസ മടക്കാംപുറത്ത് | തോമാപുരം | തോമാപുരം |
| 15. ജെയിംസ് അട്ടാറിമാക്കൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. റോസ് അമ്യാനിക്കൽ | മാലോം | വെള്ളരിക്കുണ്ട് |

**15. സഭാവിജ്ഞാനീയ ക്വിസ്**

അതിരൂപതാതലത്തിൽ അധ്യാപകർക്കായി നടത്തിയ സഭാവിജ്ഞാനീയ ക്വിസ് മത്സരത്തിൽ താഴെക്കൊടുത്തിരിക്കുന്ന ഒന്നും രണ്ടും മൂന്നും റാങ്കുകൾ കരസ്ഥമാക്കി. 1. സൗമ്യ പെരുമാലിൽ (വെളിമാനം), 2. സി. ആഗ്നസ് എസ്. എച്ച്. (ആലക്കോട്), 3. മരിയ ഡായി പ്ലാത്തോട്ടത്തിൽ (തളിപ്പറമ്പ).

**16. വിവിധ കുടിശികകൾ**

2015-2016 അധ്യയനവർഷത്തിൽ ഓഫീസിൽ നൽകാനുള്ള മുഴുവൻ തുകകളും ഏപ്രിൽ 10ന് മുൻപ് അടയ്ക്കുകയോ ബാങ്കുവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കുവഴി അയയ്ക്കുന്നവർ പണം അയച്ചതിനുശേഷം ഓഫീസിൽ വിളിച്ചു പറയേണ്ടതാണ്. ബാങ്കു സംബന്ധമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

A/Holder : Department of Catechesis
A/No. 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

**17. മതാധ്യാപക കരിസ്മാറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**

കുട്ടികളെയും യുവജനങ്ങളെയും കുടുംബത്തോടും സഭയോടും ചേർത്തുനിർത്തുന്നതിനായി അധ്യാപകരെ ഒരുക്കുന്നതിനുവേണ്ടി സൺഡേ സ്കൂൾ അധ്യാപകർക്കായി കെ.എസ്.റ്റി. കണ്ണൂർ സോണിന്റെ നേതൃത്വത്തിൽ മെയ് 13,14,15 തീയതികളിലായി തളിപ്പറമ്പ് ദർശനയിൽവച്ച് മതാധ്യാപകകരിസ്മാറ്റിക് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെടുന്നു. ഹെഡ്മാസ്റ്റർമാർ താത്പര്യമുള്ള അധ്യാപകരെ പറഞ്ഞയക്കുമല്ലോ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : ശ്രീ. സജി കാക്കനാട്ട് - 9447641618

**18. 2016 മതബോധന ഞായർ മെയ് 29**

2016-17 അധ്യായന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത് മെയ് 29 നായിരിക്കും.

**19. നന്ദി, നല്ല അവധിക്കാലം**

2015-2016 അധ്യയനവർഷം അനുഗ്രഹപ്രദമാക്കാൻ സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും എല്ലാ അധ്യാപകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവു നല്കുന്ന പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. അടുത്ത വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക മെയ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. എല്ലാവർക്കും നല്ല അവധിക്കാലം.

സ്നേഹപൂർവ്വം

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ